LIBRARY ARCHIVES Kerala Legislative Assembly

സാംസ്കാരിക സ്ഥാപനങ്ങൾ

187 [1715] ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈലോപ്പിള്ളി സംസ്കൃതി ഭവൻ, തുഞ്ചൻ സ്മാരകം, വള്ളത്തോൾ സ്മാരകം എന്നീ സ്ഥാപനങ്ങൾ സർക്കാരിന്റെ അധീനതയിലുള്ളതാണോ എന്നും ആയവ എന്ന് സ്ഥാപിതമായി എന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സ്ഥലം എപ്രകാരമാണ് ലഭ്യമായതെന്ന് വെളിപ്പെടുത്താമോ ;

(സി) ഇവ ഓരോന്നിനും വേണ്ടി എന്തുതുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളുടെ ഭരണം, ഭരണസമിതി, ഭരണാവലി, നിയമനങ്ങൾ എന്നിവയെക്കുറിച്ച് രേഖാമൂലം ; വിശദമാക്കാമോ ?

ഉത്തരം

(എ) മൾട്ടിപർപ്പസ് കൾച്ചറൽ കോംപ്ലക്സ് സൊസൈറ്റി, (വൈലോപ്പിള്ളി സംസ്കൃതി ഭവൻ) സർക്കാരിന്റെ നിയന്ത്രണത്തിലുള്ളതാണ്. 1955-ലെ 12-ാം തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്റർ ആക്റ്റ് പ്രകാരം 1998 ജനുവരി 12-ാം തീയതി രജിസ്റ്റർ ചെയ്ത് ഈ സൊസൈറ്റി പ്രവർത്തനമാരംഭിച്ചു.

തുഞ്ചൻ സ്മാരകം :

സർക്കാർ രൂപീകരിച്ച സ്വയംഭരണാധികാരമുള്ള ട്രസ്റ്റിന്റെ അധീനതയിലാണ് തുഞ്ചൻ സ്മാരകം. 15-1-1994-ൽ ഉദ്ഘാടനം ചെയ്തെങ്കിലും 28-2-2001-ലെ ജി. ഒ. (എം എസ്.) 14/2001/സിഎഡി പ്രകാരമാണ് ട്രസ്റ്റായി രൂപീകരിച്ച് രജിസ്റ്റർ ചെയ്തത്. വള്ളത്തോൾ സ്മാരകം എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിക്കുന്നില്ല. വള്ളത്തോൾ ഭവനം കേരള സർക്കാർ ഏറ്റെടുത്ത് കലാമണ്ഡലത്തെ ഏൽപ്പിച്ചത് ചെറുതുരുത്തിയിൽ പ്രവർത്തിച്ചുവരുന്നു.

(ബി) ആന്റ് (സി) വൈലോപ്പിള്ളി സംസ്കൃതി ഭവൻ സ്ഥിതിചെയ്യുന്ന സ്ഥലം കേരളവാട്ടർ അതോറിറ്റിയിൽനിന്നും മൾട്ടി പർപ്പസ് കൾച്ചറൽ കോംപ്ലക്സ് സ്ഥാപിക്കുന്നതിന് സൗജന്യമായി കൈമാറികിട്ടിയിട്ടുള്ളതാണ്. തുഞ്ചൻപറമ്പ് അതിന്റെ അവകാശികളിൽനിന്നും 1959-ൽ 33,000 രൂപ കൊടുത്ത് ഏറ്റെടുത്തിട്ടുള്ളതാണ്.

(ഡി) വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ സാംസ്കാരിക വകുപ്പുമന്ത്രി ചെയർമാനായി 16 അംഗങ്ങളുൾപ്പെട്ട ഭരണസമിതിയും 6 അംഗങ്ങളുൾപ്പെട്ട നിർവ്വാഹക സമിതിയും, പ്രസ്തുത സൊസൈറ്റിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ നിബന്ധനകൾക്കനുസരിച്ച് ഭരണം നടത്തിവരുന്നു.